പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 251

# 2013-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 251

# 2013-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1975-ലെ കേരള കെട്ടിട നികുതി ആക്റ്റിൽ (1975-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ, "വർക്ക്ഷോപ്പുകളായോ" എന്ന വാക്കിനുശേഷം, "അഥവാ കന്നുകാലി/പന്നി/കോഴി ഫാമുകളായോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) നിലവിലുള്ള *വിശദീകരണം*, "*വിശദീകരണം I*" ആയി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട *വിശദീകരണം I*-ന് ശേഷം താഴെ പറയുന്ന *വിശദീകരണം* ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം II.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "കന്നുകാലി/പന്നി/കോഴി ഫാമുകൾ" എന്നതിന് 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 2-ാം ചട്ടം (ഡി), (എം), (എൻ) ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതും എന്നാൽ വിൽപ്പനയുടെ ആവശ്യത്തിലേക്ക് മാത്രമായി ഉപയോഗിക്കുന്ന ഫാമുകൾ അതിൽ ഉൾപ്പെടാത്തതുമാകുന്നു.

(ii) കന്നുകാലി/പന്നി/കോഴി ഫാമുകളിൽ പ്രസ്തുത ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ഏറ്റവും കുറഞ്ഞ എണ്ണം, അതത് സംഗതി പോലെ, മൃഗങ്ങളോ പക്ഷികളോ ഉണ്ടായിരിക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1975-ലെ കേരള കെട്ടിട നികുതി ആക്റ്റിന്റെ (1975-ലെ 7) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പ്രധാനമായും മതപരമോ ധർമ്മപരമോ വിദ്യാഭ്യാസപരമോ ആയ ആവശ്യങ്ങൾക്കോ അഥവാ ഫാക്ടറികളായോ വർക്ക്ഷോപ്പുകളായോ ഉപയോഗിച്ചുവരുന്ന കെട്ടിടങ്ങളെ പ്രസ്തുത ആക്റ്റ് പ്രകാരം നികുതി ചുമത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിഭാഗത്തിൻകീഴിൽ കന്നുകാലി/പന്നി/കോഴി ഫാമുകൾ ഉൾപ്പെട്ടിരുന്നില്ല. വിൽപ്പനയുടെ ആവശ്യത്തിലേക്ക് മാത്രമായി ഉപയോഗിക്കുന്ന അങ്ങനെയുള്ള ഫാമുകൾ ഒഴികെ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള കന്നുകാലി/പന്നി/കോഴി ഫാമുകളായി ഉപയോഗിക്കുന്ന കെട്ടിടങ്ങളെ ഈ ആക്റ്റിൻകീഴിൽ നികുതി ചുമത്തുന്നതിൽനിന്ന്, കാർഷികവൃത്തിയായി പരിഗണിച്ച്, ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മുകളിൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

അടൂർ പ്രകാശ്.

(ശരിത്തർജ്ജമ)

## 1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് (1975-ലെ 7)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3. ഒഴിവാക്കലുകൾ.—(1) ഈ ആക്റ്റിലുള്ള യാതൊന്നും തന്നെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ബാധകമായിരിക്കുന്നതല്ല.—

(എ) കേരള ഗവൺമെന്റിന്റെയോ ഇൻഡ്യാ ഗവൺമെന്റിന്റെയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ;

(ബി) പ്രധാനമായും മതപരമോ ധർമ്മപരമോ വിദ്യാഭ്യാസപരമോ ആയ ആവശ്യങ്ങൾക്കോ അഥവാ ഫാക്ടറികളായോ വർക്ക്ഷോപ്പുകളായോ ഉപയോഗിച്ചുവരുന്ന കെട്ടിടങ്ങൾ.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് "ധർമ്മപരമായ ആവശ്യം" എന്നതിൽ സാധുക്കൾക്കു നൽകുന്ന സഹായവും, സൗജന്യ വൈദ്യസഹായവും ഉൾപ്പെടുന്നു.

(2) ഒരു കെട്ടിടം (1)-ാം ഉപവകുപ്പിൽപ്പെടുന്നതാണോ 3എ വകുപ്പിൽപെടുന്നതാണോ എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉണ്ടാകുന്നപക്ഷം അത് സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, സർക്കാർ തൽപ്പരകക്ഷികൾക്ക് അവരുടെ കേസ് വാദിക്കുന്നതിന് അവസരം നൽകിയതിനുശേഷം പ്രസ്തുത പ്രശ്നം തീരുമാനിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം സർക്കാർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതും അത് യാതൊരു നീതിന്യായക്കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

** ** ** **